(കെ) ഈ ബാർ സംബന്ധിച്ചുള്ള ഹൈക്കോടതി വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ എന്തെല്ലാം ;

(എൽ) ഈ വിധി ബാർ ഉടമയോ ബാറിൽ നിന്നും അറസ്റ്റുചെയ്തിട്ടുള്ളവരോ ലംഘിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ,എഫ്,ജി,എച്ച്,ഐ,ജെ,കെ&എൽ) വിവരം ശേഖരിച്ചുവരുന്നു.

അബ്കാരി ചട്ടത്തിൽ വരുത്തിയ മാറ്റങ്ങൾ

31 (3563) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അബ്കാരി നയം പ്രഖ്യാപിച്ചതിനെത്തുടർന്ന് അബ്കാരി ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) സ്പിരിറ്റ് കൊണ്ടുവരുന്നതിന് മുൻസർക്കാർ ഉണ്ടാക്കിയിരുന്ന വ്യവസ്ഥകൾ ഇല്ലാതാക്കിയിട്ടുണ്ടോ ;

(സി) സ്പിരിറ്റ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്പിരിറ്റ് ചാരായമാക്കുമ്പോൾ ഡിസ്റ്റിൽഡ് വാട്ടർ ഉപയോഗിക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പുതിയ അബ്കാരിനയ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് അബ്കാരി ചട്ടങ്ങളിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചാരായ നിരോധനം നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ സ്പിരിറ്റ് ചാരായമാക്കുന്ന സാഹചര്യം ഇല്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് ലേലം

32 (3564) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം എക്സൈസ് ലേലം നടന്നതെന്നാണ് ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് ലേലം നടന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര കോടി രൂപയ്ക്കാണ് ലേലം ഉറപ്പിച്ചത് ;

(ഡി) വിശദവിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഇ) ലേല സമയത്ത് ലേലത്തിനെതിരെ ആരെങ്കിലും പ്രകടനം നടത്തുകയുണ്ടായോ ;

(എഫ്) എങ്കിൽ പ്രകടനം നടത്തിയത് ആരായിരുന്നു ;

(ജി) അവരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം അബ്കാരിലേലം നടന്നത് 10-3-2000, 15-3-2000, 20-3-2000 എന്നീ തീയതികളിലാണ്.

(ബി) കള്ള്, വിദേശമദ്യം എന്നീ ഇനങ്ങളിലാണ് ലേലം നടന്നത്.

(സി) 31,75,86,201 രൂപയ്ക്കാണ് (31.75 കോടി) ലേലം ഉറപ്പിച്ചത്.

(ഡി) കള്ളുഷാപ്പുകൾ 26,01,36,101 രൂപയ്ക്കും വിദേശ മദ്യ ഷാപ്പുകൾ 4,95,50,100 രൂപയ്ക്കും ലേലം ചെയ്യുകയുണ്ടായി.

(ഇ) ഉണ്ടായി.

(എഫ്) മദ്യനിരോധന പ്രവർത്തകരാണ് പ്രകടനം നടത്തിയത്.

(ജി) മദ്യനിരോധനം നടപ്പിലാക്കുക എന്നതായിരുന്നു ആവശ്യം.

സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ നടപടി

33 (3565) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തൊഴിൽരഹിതർക്ക് പി. എം. ആർ. വൈ. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമൂലം അപേക്ഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം വായ്പകൾ അനുവദിക്കുന്നതിൽ പല ബാങ്കുകളും കാലതാമസം വരുത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് ബാങ്കുകൾക്ക് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly